## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** — **12-10-2021 - ൽ മറുപടിയ്ക്ക്**

## പെട്രോളിയം ഉല്പന്നങ്ങൾക്ക് ചുമത്തുന്ന നികുതികളും സെസും സർചാർജ്ജും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ ഇന്ധനവിലയിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും കേന്ദ്ര സർക്കാർ ചുമത്തുന്ന വിവിധ നികുതികളും സെസും സർചാർജ്ജും എത്രയാണെന്ന് വിശദമാക്കാമോ ; | (എ) | പെട്രോൾ, ഡീസൽ ഇന്ധന വിൽപനവിലയിൽ കേന്ദ്ര നികുതി, മറ്റ് സെസ്സുകൾ തുടങ്ങിയ ഘടകങ്ങളുടെ പ്രതിലിറ്ററിന്മേലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം ഉല്പന്നങ്ങളുടെ സംസ്ഥാന നികുതിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. |
| (സി) | പെട്രോളിയം ഉല്പന്നങ്ങളുടെ വിലകുറയ്ക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9രൂപ/ ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറയ്ക്കുകയാണ് ഉണ്ടായത്. എന്നാൽ 06-05-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും |

| | | | |
|---|---|---|---|
| | | | വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2014-നുശേഷം 13 തവണ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയും സെസും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതാണ് വിലവർദ്ധനവിന് പ്രധാന കാരണം. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**പെട്രോൾ**

| **കേന്ദ്ര നികുതികൾ** | |
|---|---|
| Basic Excise Duty | Rs. 1.4/ലിറ്റർ |
| Road infrastructure cess | Rs. 18/ലിറ്റർ |
| Special Additional Excise Duty | Rs. 11/ലിറ്റർ |
| Agriculture & Infrastructure development cess | Rs. 2.5/ലിറ്റർ |
| **ആകെ** | **Rs. 32.9/ലിറ്റർ** |

**ഡീസൽ**

| **കേന്ദ്ര നികുതികൾ** | |
|---|---|
| Basic Excise Duty | Rs. 1.8/ലിറ്റർ |
| Road infrastructure cess | Rs. 18/ലിറ്റർ |
| Special Additional Excise Duty | Rs. 8/ലിറ്റർ |
| Agriculture & Infrastructure development cess | Rs. 4/ലിറ്റർ |
| **ആകെ** | **Rs. 31.8/ലിറ്റർ** |

**സെക്ഷൻ ഓഫീസർ**